പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5626 | 02.07.2014- ൽ മറുപടിക്ക് |

## കയറ്റുമതി ചെയ്യുന്ന ഭക്ഷ്യവിഭവങ്ങളുടെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>" പി. ബി. അബ്ദുൾ റസാക്ക്<br>" പി. കെ. ബഷീർ<br>" കെ. എൻ. എ. ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യപ്പെടുന്ന ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ പരിശുദ്ധിയും ഉപയോഗക്ഷമതയും പരിശോധിക്കാൻ സംസ്ഥാനത്തിന്റേതായ സംവിധാനങ്ങളെന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ; | എ) | കയറ്റുമതി ചെയ്യുന്ന ഭക്ഷ്യ വിഭവങ്ങളുടെ പരിശുദ്ധിയും ഉപയോഗക്ഷമതയും പരിശോധിക്കുന്നത് സ്പൈസസ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളാണ്. |
| ബി) | പരിശുദ്ധിയുടെയും ഗുണത്തിന്റെയും നിലവാരം മോശമാകുന്നതിന്റെ പേരിൽ നിരവധി വിഭവങ്ങൾ യൂറോപ്യൻ രാജ്യങ്ങൾ നിരസിക്കുന്നതു മുഖേനയുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | ബി) | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത്തരം റിപ്പോർട്ട് ലഭിച്ച മുഴുവൻ ഉൽപന്നങ്ങളും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നശിപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതി വിഭവങ്ങളുടെ നിലവാരം അന്തർദേശീയ നിലവാരത്തിനൊപ്പം നിലനിർത്തി, കയറ്റുമതി വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | സംസ്ഥാനത്ത് ലഭ്യമാകുന്ന മുഴുവൻ ഭക്ഷ്യോൽപന്നങ്ങളുടെയും സാമ്പിളുകൾ പരിശോധിച്ച് ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമാണെന്നുള്ളത് ഉറപ്പുവരുത്തുവാൻ മാത്രമേ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം കഴിയുകയുള്ളൂ. കയറ്റുമതി വിഭവങ്ങളുടെ നിലവാരം പരിശോധിച്ച് ഉറപ്പുവരുത്തേത് ആയതിന് വേണ്ടി നിഷ്കർഷിച്ചിട്ടുള്ള വിവിധ ഏജൻസികളുടെ ചുമതലയാണ്. |

സെക്ഷൻ ഓഫീസർ